# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുളക്കുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-5/1060/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-5/1060/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 19-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ
ശ്രീമതി സുഷ.റ്റി.പിള്ള , അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.മനേഷ് കുമാർ .ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.സുനിൽകുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ജി.ജ്യോതിഷ് കുമാർ | സെക്രട്ടറി | 01-04-2022 | 13-09-2022 |
| ശ്രീ.സജികുമാർ.കെ.എസ്സ് | സെക്രട്ടറി | 14-09-2022 | 28-09-2022 |
| ശ്രീ.ജി.ജ്യോതിഷ് കുമാർ | സെക്രട്ടറി | 29-09-2022 | 30-09-2022 |
| ശ്രീ.നവാസ്.ബി | സെക്രട്ടറി | 01-10-2022 | 20-03-2023 |
| ശ്രീമതി ലിസ്സ കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-03-2023 | 31-03-2023 |
| ശ്രീ.എൻ.പത്മാകരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജെസ്സി.എ.എസ്സ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.മനു മോഹൻ | അസി.എഞ്ചിനിയർ | 01-04-2022 | 20-07-2022 |
| ശ്രീ.അജി.കെ | അസി.എഞ്ചിനിയർ | 12-09-2022 | 31-03-2023 |
| ശ്രീമതി .ലക്ഷ്മി ആർ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ഹേമ.എൽ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.രാജൻ കെ.എസ്സ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.അഭിലാഷ്.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ലിസ.കെ.എസ്സ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.പ്രവീൺ.പി.എൽ | അസി.എഞ്ചിനിയർ | 21-07-2022 | 11-09-2022 |
| ശ്രീ,ദിപു.എം.ദിപു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആര്യ.എസ് | കൃഷി ഓഫീസർ | 01-04-2022 | 24-08-2022 |
| ശ്രീമതി കവിത. എസ് | കൃഷി ഓഫീസർ | 25-08-2022 | 31-03-2023 |
| ഡോ. ദിവ്യ. എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീ. അജി.കെ.ഡി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 17-08-2022 |
| ശ്രീ.പ്രവീൺ. എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18-08-2022 | 22-02-2023 |
| ശ്രീ. നജിമുദ്ദീൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുകയ്ക്ക് രസീത് നൽകി വരവിൽ ഉൾപ്പെടുത്തിയില്ല | 1-1-2 |
| 4 | ഡിസിബി പത്രിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാടക ഡിമാന്റ് കൃത്യമല്ല | 1-1-4 |
| 6 | തെറ്റായ ഹെഡിൽ രസീത് എടുത്തു | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-6 |
| 8 | B-18 ഷെഡ്യൂൾ കൃത്യമല്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ എൻട്രിയും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ഗുണഭോക്തൃവിഹിതമിനത്തിൽ വലിയ തുക നീക്കിയിരിപ്പ് | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക അവലോകനം | 1-3 |
| 13 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-അവലോകനം | 1-10 |
| 20 | വാടക ഡിമാന്റിൽ കൃത്യതയില്ല, വാടക വരുമാനം നിലച്ചു, കരാർ വ്യവസ്ഥകൾ പാലിക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 1-11 |
| 21 | വിസ്തീർണ്ണത്തിന് അനുസൃതമായ നിരക്ക് നിർണ്ണയിച്ചില്ല - വസ്തു നികുതി നിർണ്ണയത്തിൽ കുറവ് | 1-12 |
| 22 | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയില്ല - വസ്തു നികുതി നിർണ്ണയത്തിൽ കുറവ് | 1-13 |
| 23 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല, മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായി ഈടാക്കിയില്ല | 1-14 |

| | | |
|---|---|---|
| 24 | തൊഴിൽ നികുതി സംബന്ധമായ അപാകതകൾ | 1-15 |
| 25 | ലൈസൻസ് സംബന്ധമായ അപാകതകൾ | 1-16 |
| 26 | റോഡ് കട്ടിംഗ് & റിസ്റ്റോറേഷൻ ചാർജ്ജ്- ഫീസ് നിശ്ചയിച്ചതിൽ വ്യക്തതയില്ല | 1-17 |
| 27 | പ്രവർത്തി പൂർത്തീകരണ വിവരം ലഭ്യമല്ല | 1-18 |
| 28 | കണിയാൻ ചിറ കുളം നവീകരണം-ലേല നടപടികൾ സ്വീകരിച്ചില്ല | 1-19 |
| 29 | പിരളിശ്ശേരി -കണ്ണുവേലിക്കടവ് റോഡ്- മെയിന്റനൻസ്- ഖനനം ചെയ്ത 74.43 എം3 മണ്ണ് ലേലം ചെയ്തില്ല | 1-20 |
| 30 | ആലുംപാല - ഊരിക്കടവ് തോട് സംരക്ഷണം- 18% ജി.എസ്.ടി അധിക നിരക്ക് ഉൾപ്പെടുത്തിയില്ല | 1-21 |
| 31 | മാഞ്ഞാലിൽ റോഡ് പുനരുദ്ധാരണം -പിഴ ഈടാക്കിയില്ല | 1-22 |
| 32 | പിഴ ഈടാക്കുന്നത് തനതു ഫണ്ടിൽ ഒടുക്കുന്നില്ല | 1-23 |
| 33 | അരീക്കര പി.എച്ച്.സി. മെയിന്റനൻസ് -ടെക്നിക്കൽ കമ്മറ്റി അംഗങ്ങൾക്ക് തുക അധികം നൽകി | 1-24 |
| 34 | മരണശേഷവും പെൻഷണറുടെ അക്കൗണ്ട് സസ്പെന്റ് ചെയ്യപ്പെടുന്നില്ല | 1-25 |
| 35 | മഴക്കാല പൂർവ്വ ശുചീകരണം -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.100000/-രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 36 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-06-2023 ലെ 2(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം :

തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

(I)റേഷ്യോസ്

(Ii)അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-2 ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുകയ്ക്ക് രസീത് നൽകി വരവിൽ ഉൾപ്പെടുത്തിയില്ല

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഡയറക്ടിലി ക്രഡിറ്റഡ് ബൈ ബാങ്ക് ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

1. എസ് ബി ഐ ഇ പേയ്മെന്റ് കാരയ്ക്കാട് അക്കൗണ്ട് നം.37039107196 - ഡയറക്ടിലി ക്രഡിറ്റഡ് ബൈ ബാങ്ക് എന്ന ഹെഡിൽ 223363 /-നിലനിൽക്കുന്നു.

2. RP-33 ഡെപ്പോസിറ്റ്സ് റിസീവ്ഡ് എന്ന ഷെഡ്യൂൾ 340109901 ഹെഡ് പ്രകാരം 13108/- യും 340200199 എന്ന ഹെഡ് പ്രകാരം 8420/- രൂപയും വരവുണ്ട്. ലെഡ്ജർ റിപ്പോർട്ട് പ്രകാരം 31.03.2023 ൽ ഡയറക്ടിലി ക്രഡിറ്റഡ് ടു ബാങ്ക് എന്ന് കാണിച്ചിരിക്കുന്നു. ഇത് ഏതിനത്തിലെന്ന് വിശദീകരിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

1-1-3 ഡിസിബി പത്രിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള കളക്ഷൻ തുകകളും വാർഷിക കണക്കുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| റെസിഡൻഷ്യൽ ബിൽഡിംഗ് (കുടിശ്ശിക) | 527980 | 562222 |
| റെസിഡൻഷ്യൽ ബിൽഡിംഗ്(കറന്റ്) | 3174698 | 3359596 |
| നോൺ റെസിഡൻഷ്യൽ ബിൽഡിംഗ് (കുടിശ്ശിക) | 391058 | 383522 |
| നോൺ റെസിഡൻഷ്യൽ ബിൽഡിംഗ്(കറന്റ്) | 1975892 | 1995236 |

1-1-4 വാടക ഡിമാന്റ് കൃത്യമല്ല

വാടക രജിസ്റ്റർ പ്രകാരം മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള നം.205(A), 205(B), 272(A) എന്നീ കെട്ടിടങ്ങൾ ജനതാ വ്യവസായ സഹകരണ സംഘം പ്രതിമാസം 27700/- രൂപയ്ക്ക് വാടകയ്ക്ക് എടുത്തിട്ടുണ്ട്. എന്നാൽ 2022-23 വാർഷിക ധനകാര്യ പത്രികയിൽ 83100/-രൂപ മാത്രമാണ് ഡിമാന്റ് കാണിച്ചിട്ടുള്ളത്.

1-1-5 തെറ്റായ ഹെഡിൽ രസീത് എടുത്തു

ജനതാ വ്യവസായ സഹകരണ സംഘത്തിന്റെ 2022 ഫെബ്രുവരി മാസത്തെ വാടകയായ 27700/-രൂപ 26.07.2022 ലെ രസീത് നം. 1220501039 പ്രകാരം വരവ് വന്നത് 431400101 എന്ന ഹെഡിൽ റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ്(കറന്റ്) ആയി തൻവർഷ വരവായാണ് എടുത്തിട്ടുള്ളത്. കൂടാതെ Current ആയി എടുത്ത വരവിന് പിഴയും ഈടാക്കിയിട്ടുണ്ട്. RP-45 സൺഡ്രി ഡെബ്റ്റേഴ്സ്

(റിസീവബിൾസ് ) ൽ 431400101 എന്ന ഹെഡിൽ റെന്റ് റിസീവബിൾസ് ഫ്രം ബിൽഡിംഗ് (കറന്റ്) ആയി തൻവർഷം വരവൊന്നും ചേർത്തിട്ടുമില്ല .

### 1-1-6 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [5863850/- രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [26412571/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-7 B-18 ഷെഡ്യൂൾ കൃത്യമല്ല

പ്രോജക്ട് നം. 90- ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ യാത്രയ്ക്ക് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി 176921/- രൂപ കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഈ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം തൻവർഷം ലഭിച്ചിട്ടില്ലെങ്കിലും ബാലൻസ് ഷീറ്റ് B-18 Advance To Implementing Agencies (460500202) എന്ന ഹെഡിൽ 13612/- രൂപ മാത്രമാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്.

### 1-1-8 ഡെപ്പോസിറ്റ് രജിസ്റ്ററിലെ എൻട്രിയും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ (340100301) എന്ന ഹെഡിൽ 40978/-രൂപയാണ് വരവ്. എന്നാൽ വാർഷിക കണക്ക് RP-33 ഡെപ്പോസിറ്റ് റിസീവ്ഡ് എന്ന ഷെഡ്യൂൾ പ്രകാരം ഇത് 23552/-രൂപയാണ്.

### 1-1-9 ഗുണഭോക്തൃവിഹിതമിനത്തിൽ വലിയ തുക നീക്കിയിരിപ്പ്

ഗുണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 188202/- രൂപ നീക്കിയിരിപ്പ് കാണിക്കുന്നു. ഇത്രയധികം തുക ബാധ്യതയായി തുടരുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ റിവൈസ്ഡ് ബജറ്റ് 20-03-2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 136467830 | 156510930 |
| വാർഷികകണക്ക് പ്രകാരം | 149235765 | 135674109 |

## 1-3 സാമ്പത്തിക അവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 14924652 |
| വരവ് | 56583976 |
| ആകെ | 71508628 |
| ചെലവ് | 45096057 |
| നീക്കിയിരിപ്പ് | 26412571 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15626996 | 15626996 | 15525370 | 101626 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) (Bank) | 453357 | 3143450 | 3596807 | 2293816 | 1302991 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Treasury) | 0 | 1052328 | 1052328 | 589948 | 462380 |
| സെൻട്രൽ ഫിനാൻസ്(ടൈഡ്) (Bank) | 4035100 | 4376000 | 8411100 | 2340216 | 6070884 |
| സെൻട്രൽ ഫിനാൻസ്(ടൈഡ്) (Treasury) | 0 | 4736213 | 4736213 | 2822332 | 191388 |
| വികസനഫണ്ട് എസ്.സി.പി | - | 12681603 | 12681603 | 11097477 | 1584126 |
| വികസനഫണ്ട് ടി.എസ്.പി | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 15035000 | 15035000 | 8823685 | 6211315 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | - | 5867000 | 5867000 | 3175692 | 2691308 |
| പെർഫോമൻസ് ഗ്രാന്റ് | 2460636 | 72980 | 2533616 | 809900 | 1723716 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 229 | 132611735 | 198 | 56976497 | 9 | 22 | 86.46% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 803 | 1014386 | 1015189 | 1011031 | 4158 |
| ഗുണഭോക്താക്കൾക്ക് | - | 24248440 | 24248440 | 24248440 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 803 | 25262826 | 25263629 | 25259471 | 4158 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29880 | 22 |
| കർഷക തൊഴിലാളി പെൻഷൻ | 5603200 | 554 |
| വിധവാ പെൻഷൻ | 12253300 | 1172 |
| വാർദ്ധക്യകാല പെൻഷൻ | 30268900 | 3034 |
| വികലാംഗ പെൻഷൻ | 3695200 | 349 |
| അവിവാഹിത പെൻഷൻ | 609600 | 57 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.07.2023 തീയതിയിൽ 3P.M സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6534/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

3.പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമല്ല.

4.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളുടെ ബില്ലുകൾ നൽകുമ്പോൾ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

5. വസ്തു നികുതി, വാടക ഉൾപ്പടെയുള്ള തനത് വരുമാനം കൃത്യമായി എല്ലാ സ്ഥാപനങ്ങളും ഒടുക്ക് വരുത്തുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് ഉറപ്പ് വരുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും- അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ്, വാടക എന്നിവയിലെ ഡിമാൻഡുകൾ കൃത്യമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ശോഷണത്തിനും ഇടയാക്കുന്നു.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വരവുചെലവുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

ബജറ്റ് പ്രകാരമുള്ളത്

| | |
|---|---|
| ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | 16111578 |
| ചെലവ് | 20258406 |
| നീക്കി ബാക്കി | 10480672 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തനത് വരുമാനം

| | |
|---|---|
| നികുതി, നികുതിയേതര ഇനങ്ങളിലെ വരവ് | 10249915 |
| ചെലവ് | 15412942 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

വരുമാന വർദ്ധനവിനായി താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2) ഉം, 4 ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏററവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ സ.ഉ.(അച്ചടി)നം.25/2023/ എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പരിഷ്കരണം 29.05.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി 2(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നിരക്കുകൾ ആക്ഷേപം സ്വീകരിക്കുന്നതിന് 30 ദിവസത്തെ സമയം അനുവദിച്ചുകൊണ്ട് 05.06.2023 തീയതിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. നാളിതുവരെ ആക്ഷേപങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ ഭരണസമിതിയുടെ അടുത്ത യോഗത്തിൽ അജണ്ട ചേർത്ത് അംഗീകരിച്ച് പുതിയ നിരക്കുകൾ മേഖലകൾ എന്നിവ അന്തിമമായി സ്വീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 18 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വസ്തുനികുതി പുനർ നിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കുന്നില്ല

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകുമ്പോൾ U.A എന്നും അനധികൃതനിർമ്മാണം

കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും ഭൗതിക പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങളുണ്ടെങ്കിൽ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുകയും കുറവായി അസസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിക്കുകയും ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2) ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235എഎ(1)ൽ അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തു വരുന്നില്ല. ഇക്കാരണത്തിൽ നികുതി വരുമാനം നഷ്ടമാകുന്നുണ്ട്.

3) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018. (SRO No.96/2018;15.02.2018) പ്രകാരം 31.07.2017 നു മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

4) സേവന ഉപ നികുതി ഈടാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ മുളക്കുഴ ഗ്രാമപഞ്ചായത്ത് നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

| ക്രമ നം. | സേവനം | വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി |
|---|---|---|
| 1 | ശുചിത്വ | 4% |

| | | |
|---|---|---|
| | പരിപാലനം | |
| 2 | ജല വിതരണം | 3% |
| 3 | തെരുവ് വിളക്കുകൾ | 2% |
| 4 | ഡ്രൈനേജ് | 1% |

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

5) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് എഴുതി തയ്യാറാക്കി അധികൃതർ സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, മറ്റുപ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

6) തനത് വരുമാനങ്ങൾ, കുടിശ്ശിക എന്നിവ യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കു ന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന പബ്ലിക് മാർക്കറ്റിൽ എം.സി.എഫ് കേന്ദ്രത്തിന് സമീപം 7 കടമുറികൾ (ആകെ 95 ച.മീ.) ലേലത്തിൽ വാടകയ്ക്ക് നൽകാതെ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നു. ഈ കടമുറികൾ സംരക്ഷിക്കാനായി ഓഡിറ്റ് വർഷം റൂഫിംഗ് പ്രവൃത്തിയ്ക്കായി 500000/- രൂപ ചെലവഴിക്കുകയുണ്ടായി. ഈ കടമുറികൾ ലേലത്തിൽ നൽകാതിരുന്നതിനാൽ പഞ്ചായത്തിന് ലഭിക്കാമായിരുന്ന വരുമാനം നഷ്ടപ്പെട്ടു. കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 12-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 508 ച.മീ വിസ്തൃതിയുള്ള (12/205A, 12/205B, 12/272A) കെട്ടിടത്തിന്റെ താഴത്തെ നിലയിൽ (Ground Floor) വ്യവസായ വകുപ്പിന് കീഴിലുള്ള ജനതാ വ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നു. മുകൾ നില ലേലത്തിൽ വാടകയ്ക്ക് നൽകാത്തതിനാൽ ഒഴിഞ്ഞ് കിടക്കുന്നു. വാടകയ്ക്ക് പ്രവർത്തിക്കുന്ന ജനതാ വ്യവസായ സഹകരണ സംഘം ഓഡിറ്റ് വർഷത്തെ വാടക ഒന്നും തന്നെ അടവാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ വാടക വളരെ കുറവായാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ജി.എസ്.റ്റി ഒഴികെയുള്ള ഓഡിറ്റ് വർഷത്തെ ആകെ ഡിമാന്റ് 332400/- ആണന്നിരിക്കെ 83100/- രൂപ മാത്രമാണ് ഡിമാന്റായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ലഭിക്കേണ്ട വാടകപോലും യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ഒഴിഞ്ഞ് കിടക്കുന്ന വാണിജ്യ കെട്ടിടങ്ങൾ യഥാസമയം ലേലത്തിൽ നൽകുകയോ ചെയ്യാതിരുന്നതു വഴി പഞ്ചായത്തിന്റെ തനത് വരുമാനം ഗണ്യമായി നഷ്ടപ്പെട്ടതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ 2022-23 വർഷാന്ത്യം 22.42 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. തൊഴിൽ നികുതി, വാടക എന്നീ വരവിനങ്ങളുടെ ഡിമാൻഡിൽ യഥാർത്ഥ കണക്ക് ഉൾപ്പെടുത്താത്തത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശികയെ സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്. അനധികൃത നിർമ്മിതികളെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കാത്തത് കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി നഷ്ടപ്പെടാൻ ഇടയാക്കുന്നു. പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ, പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിശദാംശങ്ങളിൽ ഉൾപ്പെടാത്തതും വിനോദോപാധിയായി ഉപയോഗിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ (ഉദാ. ടർഫ്) എന്നിവയെ സംബന്ധിച്ച് വരുമാന വർദ്ധനവിന് ഉപകരിക്കുന്ന

ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടാകാത്തതും നികുതി നഷ്ടത്തിന് കാരണമാകുന്നു.

തനത് വരുമാന വർദ്ധനവിന് മേൽ സൂചിപ്പിച്ച മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വാടക ഡിമാന്റിൽ കൃത്യതയില്ല, വാടക വരുമാനം നിലച്ചു, കരാർ വ്യവസ്ഥകൾ പാലിക്കാതെ സ്ഥാപനം പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന പബ്ലിക് മാർക്കറ്റിലെ എം.സി.എഫ് കേന്ദ്രത്തിന് സമീപം 7 കടമുറികൾ (ആകെ 95 ച.മീ.) വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്നു. ഈ കടമുറികൾ സംരക്ഷിക്കാനായി ഓഡിറ്റ് വർഷം റൂഫിംഗ് പ്രവൃത്തിയ്ക്കായി മാത്രം 500000/- രൂപ ചെലവഴിക്കുകയുണ്ടായി. ഈ കടമുറികൾ ലേലത്തിൽ നൽകി വാടക വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചില്ല.

കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 12-ാം വാർഡിൽ 508 ച.മീ വിസ്തൃതിയുള്ള (XII/205 A, XII/205 B, XII/272A) ഒരു വാണിജ്യ കെട്ടിടം നിലവിലുണ്ട്. കെട്ടിടത്തിന്റെ താഴത്തെ നില (Ground Floor-XII/205 A) 3.07.2020 ലെ 738/2020 നമ്പർ പാട്ട ഉടമ്പടി പ്രകാരം ജനതാ വ്യവസായ സഹകരണ സംഘത്തിന് 10 വർഷ കാലയളവിലേക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. മുകൾ നില വാടകയ്ക്ക് നൽകാതെ വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നു. 2030 ജൂലൈ 2 വരെ കരാർ കാലാവധിയുണ്ട്. വാടകയായ 32686/- (വാടക - 27700, CGST-2493, SGST-2493) അതാത് മാസം 5-ാം തീയതിയ്ക്ക് മുമ്പ് മുൻകൂറായി ഒടുക്കണമെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ ടി സ്ഥാപനം വാടക കൃത്യമായി ഒടുക്കാതെയും കരാർ വ്യവസ്ഥകൾ പാലിക്കാതെയും പ്രവർത്തിക്കുന്നു. മുൻ വർഷം വാടക കുടിശ്ശിക വരുത്തിയ സ്ഥാപനം ഓഡിറ്റ് വർഷം വാടക ഒന്നും തന്നെ അടവാക്കിയിട്ടില്ല. കരാർ ലംഘനം നടത്തിയെങ്കിലും സ്ഥാപനത്തിനെതിരെ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചില്ല.




വാർഷിക ധനകാര്യ പത്രികയിൽ വാടക കുറവായാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ജി.എസ്.റ്റി ഒഴികെ ഓഡിറ്റ് വർഷത്തെ ആകെ ഡിമാന്റ് 332400/- ആണെന്നിരിക്കെ 83100/- രൂപ മാത്രമാണ് ഡിമാന്റായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ലഭിക്കേണ്ട വാടകപോലും യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ഒഴിഞ്ഞ് കിടക്കുന്ന വാണിജ്യ കെട്ടിടങ്ങൾ യഥാസമയം ലേലത്തിൽ നൽകുകയോ ചെയ്യാതിരുന്നതു വഴി പഞ്ചായത്തിന്റെ തനത് വരുമാനം ഗണ്യമായി നഷ്ടപ്പെട്ടതായി ഓഡിറ്റിൽ വിലയിരുത്തുന്നു. വാണിജ്യ കെട്ടിടങ്ങൾ യഥാസമയം ലേലത്തിൽ നൽകി വാടക വരുമാനം വർദ്ധിപ്പിക്കേണ്ടതും കരാർ വ്യവസ്ഥകൾ പ്രകാരമുള്ള വാടക കൃത്യമായി പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വിസ്തീർണ്ണത്തിന് അനുസൃതമായ നിരക്ക് നിർണ്ണയിച്ചില്ല - വസ്തു നികുതി നിർണ്ണയത്തിൽ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധികൾക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ

കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററിന് താഴെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 50/- രൂപയായും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 60/- രൂപയായും 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി ച.മീറ്ററിന് 70/- രൂപയായും ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ്, കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം(ച.മീ.) | ചുമത്തിയ നികുതി | ചുമത്തേണ്ട നികുതി | റിമാർക്സ് |
|---|---|---|---|---|---|
| സുമ തോമസ്, സി.സി റബ്ബേഴ്സ് (റബ്ബർ വ്യാപാരം) | III/208A | 51 | 387 (@6) | (*)2550 (@50) | മുമ്പ് നിലവിലുണ്ടായിരുന്ന നികുതി - 3060/-. വാണിജ്യനിരക്കിന് പകരം ഗാർഹിക നിരക്കിൽ തെറ്റായി നിർണ്ണയിച്ചതിനാൽ 3060/- ൽ നിന്നും 387 ആയി കുറഞ്ഞു. |
| രാജേന്ദ്രൻ നായർ | V/85A | 32 | 1600 (@50) | 1920 (@60) | വാണിജ്യ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 104 ച.മീ. 100 ച.മീ ൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച.മീറ്ററിന് 60/- നിരക്കിൽ നികുതി നിർണ്ണയിച്ചില്ല |
| | V/85B | 36 | 1800 (@50) | 2160 (@60) | |
| | V/85D | 36 | 1800 (@50) | 2160 (@60) | |
| വിജയകുമാർ | X/229 | 86 | 516 (@6) | 4300 (@50) | കശുവണ്ടി എക്സ്പോർട്ട് വ്യവസായം. വ്യവസായ ആവശ്യത്തിന് പകരം ഗാർഹിക നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു |
| സാം വർഗ്ഗീസ് | XVIII/402B | 36 | 1800 (@50) | 2160 (@60) | 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടം. ച.മീറ്ററിന് 60/- രൂപ ബാധകം |
| | XVIII/402H | 74.34 | 3717 (@50) | 4460 @60) | |
| മുംതാസ്/സലാഹുദ്ദീൻ | IV/479 B | 86.9 | 4345 (@50) | 5214 (@60) | 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടം. ച.മീറ്ററിന് 60/- രൂപ |
| | IV/479 C | 62.43 | 3121 | 3746 | |

| | | | | | |
|---|---|---|---|---|---|
| | | | (@50) | (@60) | |
| | IV/479 H | 23.72 | 1186 (@50) | 1423 (@60) | ബാധകം |

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യകെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ത നമ്പരുകൾ നൽകി വ്യത്യസ്തകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ കെട്ടിടങ്ങളുടെ വിവിധ മുറികൾ ഒറ്റ യൂണിറ്റായി കണക്കാക്കി 100ച.മീ ൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച.മീറ്ററിന് 60/- എന്ന നിരക്കിന് പകരം ച.മീറ്ററിന് 50/- എന്ന തെറ്റായ നിരക്കിലാണ് നികുതി നിശ്ചയിച്ചത്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/26.7.2023) വസ്തു നികുതി പുനർ നിർണ്ണയിക്കുന്ന വേളയിൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചു. പ്രസ്തുത കെട്ടിടങ്ങളെ റീ അസസ് ചെയ്യേണ്ടതും അസസ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-13 വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയില്ല - വസ്തു നികുതി നിർണ്ണയത്തിൽ കുറവ്

അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം.-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടം സ്ഥിതി ചെയ്യുന്നത് 5 മീറ്ററിലധികം വീതിയുള്ള റോഡിന്റെ സമീപത്താണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട് (പള്ളിപ്പടി - അരീക്കര റോഡ് വീതി 6.15 മീറ്റർ) എന്നാൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിലേക്ക് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് നികുതി നിർണ്ണയത്തിൽ വരുത്താതെ നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്, കെട്ടിട നമ്പർ, കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം | ചുമത്തിയ നികുതി @60 | ചുമത്തിയ ഇളവ്/ വർദ്ധനവ് | ആകെ നിർണ്ണയിച്ച നികുതി (A) | ചുമത്തേണ്ട നികുതി@60 | ചുമത്തേണ്ട ഇളവ്/ വർദ്ധനവ് | ആകെ നിർണ്ണയിക്കേണ്ട നികുതി (B) | കുറവ് (A-B) |
|---|---|---|---|---|---|---|---|---|
| XIV/319/B, നിസാമുദ്ദീൻ, പുതുപ്പറമ്പിൽ | 130.54 ച.മീ. | 7693 | മേഖല, മേൽക്കൂര ഇളവ് - 20% | 6155 | 7832 | വർദ്ധനവ് (വഴി)20% +ഇളവ് 20% | 7832 | 1677 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| XIV/319/C, നിസാമുദ്ദീൻ, പുതുപ്പറമ്പിൽ | 134.10 ച.മീ. | 8046 | മേഖല, മേൽക്കൂര ഇളവ് - 20% | 6437 | 8046 | വർദ്ധനവ് (വഴി)20% +ഇളവ് 20% | 8046 | 1609 |
| ആകെ | | | | 12592 | | | 15878* | 3286/- |
| (*നികുതി പ്രാബല്യം - 2023 ഒന്നാം അർദ്ധവർഷം) | | | | | | | | |

കൂടാതെ കംപ്ലീഷൻ പ്ലാൻ പ്രകാരം XIV/319/B കെട്ടിടത്തിന് 130.54 ച.മീ. വിസ്തീർണ്ണമുണ്ടെന്നിരിക്കെ 128.21 ച.മീ വിസ്തീർണ്ണം കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/29.07.2023) മറുപടി ലഭ്യമായില്ല. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല, മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽ X/14 റിലയൻസ്, XVIII/374 ഐഡിയ സെല്ലുലാർ ലിമിറ്റഡ്, XVIII/375 റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എന്നീ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഓഡിറ്റ് വർഷം ഈടാക്കിയില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതിയിനത്തിൽ 2022-23 വർഷാന്ത്യം 22.42 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. (കറണ്ട് - 7.78 ലക്ഷം, അരിയർ - 14.64 ലക്ഷം). വസ്തുനികുതി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/29.7.2023) മറുപടി ലഭ്യമാക്കിയില്ല. പെർമിറ്റ് ഫീസ് സംബന്ധിച്ച ഡി.സി.ബി, പെർമിറ്റ് രജിസ്റ്ററിൽ വർഷാന്ത്യം തയ്യാറാക്കിയിട്ടില്ല. അനധികൃത നിർമ്മിതികളെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കാത്തത് കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി നഷ്ടപ്പെടാൻ ഇടയാക്കുന്നു. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കി കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടത ാണ്.

## 1-15 തൊഴിൽ നികുതി സംബന്ധമായ അപാകതകൾ

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല.

1. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | മുത്തൂറ്റ് ഫിൻ ലിമിറ്റഡ്, കാരയ്ക്കാട് | I & II |
| 2. | മധുര മൈക്രോ ഫിൻ ലിമിറ്റഡ്, മുളക്കുഴ | I & II |
| 3. | മുളമൂട്ടിൽ ഫിനാൻസ് | I &II (300/-)* |
| 4. | കൽപ്പന ഫിനാൻസ്, കാരയ്ക്കാട് | I & II |
| 5. | ശ്രീധനലക്ഷ്മി എന്റർപ്രൈസസ്, മുളക്കുഴ | I & II |
| 6. | ഇൻസ്റ്റാകാർട്ട് സർവീസ് പ്രൈവറ്റ് ലിമിറ്റഡ് | I & II |

*ധനകാര്യ സ്ഥാപനമായിട്ടും 300/- രൂപ മാത്രമാണ് രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയത്

2. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് 60 ദിവസമോ

അതിലധികമോ തൊഴിലിൽ ഏർപ്പെട്ട ജീവനക്കാരുടെ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | അറന്തക്കാട് ആപ്കോസ് | II |
| 2. | കൊഴുവല്ലൂർ ആപ്കോസ് | II |
| 3. | മുളക്കുഴ ആപ്കോസ് | II |
| 4. | പെരിങ്ങാല ആപ്കോസ് | II |

3. ശ്രീനാരായണ വിദ്യാപീഠം, കോട്ട എന്ന സ്ഥാപനത്തിലെ താഴെപ്പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | ജീവനക്കരുടെ പേര്, തസ്തിക | അർദ്ധവാർഷിക വരുമാനം (Ist) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| 1. | സവിത (ക്രമ നം.4) പി.ജി.റ്റി | 79650 | 600 | 750 |
| 2. | ബിന്ദു.എസ് (ക്രമ നം.5), പി.ജി.റ്റി | 79650 | 600 | 750 |

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/29.7.2023) അപാകത പരിഹരിക്കുമെന്ന് അറിയിച്ചു. അപാകത പരിഹരിക്കേണ്ടതും ആവശ്യമായ തൊഴിൽ നികുതി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-16 ലൈസൻസ് സംബന്ധമായ അപാകതകൾ

(I)ട്രേഡേഴ്സ് ലിസ്റ്റ് പരിഷ്കരിച്ചില്ല

പഞ്ചായത്ത് പ്രദേശത്ത് നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം കാലഹരണപ്പെട്ട ഒരു ലിസ്റ്റാണ് ട്രേഡേഴ്സ് ലിസ്റ്റായി സൂക്ഷിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 296 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 341 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് ആധികാരികമല്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

Ii)ഡി.സി.ബി കണക്കിൽ കൃത്യതയില്ല

ലൈസൻസ് രജിസ്റ്ററിൽ അഡ്വാൻസ് കളക്ഷൻ ഉൾപ്പെടുത്താതെ തൻ വർഷ കളക്ഷൻ മാത്രമാണ് ഡി.സി.ബി ആയി രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് 214100/- ആണെന്നിരിക്കെ രജിസ്റ്ററിലെ ഡിമാന്റ് 177600/- രൂപയാണ്. ഇതിൽ നിന്നും ഡി.സി.ബി കണക്കിൽ കൃത്യതയില്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

Iii)വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മോട്ടോർ ഫീസ് ഈടാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18, 19 പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മോട്ടോർ ഫീസ് ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം, കെട്ടിട നം. | ഉപയോഗം |
|---|---|---|
| 1. | വെൽഡിംഗ് വർക് ഷോപ്പ് (XI/407A) | വെൽഡിംഗ് വർക് ഷോപ്പ് |
| 2. | വെൽഡിംഗ് വർക് ഷോപ്പ് (XIV/347A) | വെൽഡിംഗ് വർക് ഷോപ്പ് |
| 3. | P.M.N.P ഫർണിച്ചർ(IV/349) | ഫർണിച്ചർ നിർമ്മാണം |

അപാകതയിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/29.07.2023) 5HP മോട്ടോറിൽ താഴെയായിരുന്നതിനാലാണ് ഫീസ് ഈടാക്കാതിരുന്നതെന്ന് മറുപടി ലഭിച്ചു. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങളുള്ള സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മോട്ടോർ ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

lv)റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ച് വരുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന് ഓഡിറ്റ് വർഷം ലൈസൻസ് ഫീസ് ഈടാക്കിയില്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/29.07.2023) അപാകത പരിഹരിക്കുമെന്ന് അറിയിച്ചു. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് കൂടി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 റോഡ് കട്ടിംഗ് & റിസ്റ്റോറേഷൻ ചാർജ്ജ്- ഫീസ് നിശ്ചയിച്ചതിൽ വ്യക്തതയില്ല

റിലയൻസ് ജിയോ ഇൻഫോ കോം ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 15,76,351/-രൂപ റോഡ് കട്ടിംഗ് - റി സ്റ്റൊറേഷൻ ചാർജ്ജ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് 14-05-2022 ൽ ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി യുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ചാർജ്ജ് നിശ്ചയിച്ച് നൽകേണ്ടത്. വർക്കുമായി ബന്ധപ്പെട്ട് അസി.എഞ്ചിനീയർ നൽകിയ റിപ്പോർട്ട് ഉൾപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ പഞ്ചായത്ത് സെക്രട്ടറിക്കും ഫീസ് നിശ്ചയിക്കുന്നതിനായി അസി.എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നൽകിയ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്കും ഓഡിറ്റ് എൻക്വയറി (നം.15 തീയതി 29.07.2023) നൽകിയിരുന്നു. എന്നാൽ ഫയൽ ലഭ്യമാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് വാങ്ങാതെയാണ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. യഥാർത്ഥത്തിൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ട ഫീസ് ലഭിച്ചിട്ടുണ്ടോയെന്നുള്ളത് പരിശോധനാ വിധേയമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പ്രവർത്തി പൂർത്തീകരണ വിവരം ലഭ്യമല്ല

പ്രോജക്ട് നം./പേര് - 90/ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ യാത്രയ്ക്ക് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

അടങ്കൽ -200000 (തനതു ഫണ്ട് )

ചെലവ് -176921

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിയിൽ വിവിധ വാർഡു മെമ്പർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റോഡുകളിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുളക്കുഴ, കുളനട ഇലക്ട്രിക്കൽ സെക്ഷനുകളിൽ തുക അടച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | പ്രവൃത്തി സ്ഥലം | പോസ്റ്റ് നം. | തുക | ചെക്ക് നം./ തീയതി |
|---|---|---|---|---|
| 15 | പൂപ്പൻകര -പൂമ്പള്ളിപ്പടി | MMP/51/7 | 14118 | 6465095/ 29.09.2022 |
| 7 | മലനട ആല്യ നിൽക്കും തടത്തിൽ റോഡ് | MKE-9/11 | 17913 | 6465095/ 29.09.2022 |
| | ആയുർവ്വേദ ആശുപത്രി റോഡ് | MKE 81 | | |
| 4 | കരിക്കുംകാല കോളനി റോഡ് | M/PC/24/9<br>P 24-2 | 17809 | 029828/ 22.09.2022 |
| 1 | മൊട്ടയ്ക്കൽ നികരുപുറത്ത് റോഡ് | MPP/58/1<br>MPP/58/2 | 29618 | 029828/ 22.09.2022 |
| 16 | പൂതം കുന്ന് – ഗുരുമന്ദിരം റോഡ് | MKP-126-7/16 | 23379 | 6465095/ 29.09.2022 |
| 7 | ചുടല മോടി ഭാഗം | IE 19/6/12 | 6879 | 029877/ 13.12.2022 |
| 9 | 9-ാം വാർഡിൽ റോഡ് വീതി കൂട്ടൽ | MC/146/ 1-42/11 | 11541 | 5674277/ 09.03.2023 |
| 9,15,17 | 9,15,17 വാർഡുകളിൽ റോഡ് വീതി കൂട്ടൽ | V/KC/75-31-8<br>V/KC/75-31-9<br>V/KS/75/31-2<br>M/MA/07-4<br>M/KP/56-15/2<br>KP 56/5/6<br>KP55/5/5 | 55310 | 031696/ 27.03.2023 |
| | | | 354 | 031484/ 26.12.2022 |
| ആകെ | | | 176921 | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും, വിനിയോഗ സാക്ഷ്യപത്രവും ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.12/22-23/27.07.2023 മുഖേന അറിയിപ്പ് നല്കിയിരുന്നുവെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.

മറുപടി, വിനിയോഗ രേഖകൾ എന്നിവയുടെ അഭാവത്തിൽ 176921/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-19 കണിയാൻ ചിറ കുളം നവീകരണം-ലേല നടപടികൾ സ്വീകരിച്ചില്ല

പ്രോജക്ട് നം.S0049/2023

കണിയാൻ ചിറകുളം-റിന്നവേഷൻ

അടങ്കൽ :- 4,00,000 വികസന ഫണ്ട് (എസ്.സി.പി)

ബി.ആർ.നം.2207025200760098049 തീയതി 30-12-2022

എം.ബുക്ക് നമ്പർ 1/2021-22

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, എം.ബുക്ക് പേജ് നം. 1 ൽ എക്സ്ട്രാ ഐറ്റം നം. ഇ1 (Demolishing Stone Rubble Masonry Manually/by Mechanical Means Including Stacking Of Serviceable Material.....asper Directions Of The Engineer In Charge) വഴി ലഭിച്ച 2 $M^3$ അളവ് റബിൾ ലേല നടപടികൾക്കായി സ്റ്റാക്ക് ചെയ്തതായി അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മൂല്യ നിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കുവാനും പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം.5 തീയതി 28-07-2023) ലഭ്യമാക്കിയ മറുപടിയിൽ, പഞ്ചായത്തിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ വിട്ടുപോയിട്ടുള്ളതാണെന്നും സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ലേല നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 3452/- രൂപ മൂല്യം നിശ്ചയിച്ചിട്ടുള്ള മെറ്റീരിയലിന്റെ ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-20 പിരളിശ്ശേരി -കണ്ണുവേലിക്കടവ് റോഡ്- മെയിന്റനൻസ്- ഖനനം ചെയ്ത 74.43 എം3 മണ്ണ് ലേലം ചെയ്തില്ല

പ്രോജക്ട് നം.70/22

പിരളിശ്ശേരി -കണ്ണുവേലിക്കടവ് റോഡ്- മെയിന്റനൻസ്

05-03-2022 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം നം.4 പ്രകാരം 2021-22 വർഷം നടപ്പാക്കിയ പിരളിശ്ശേരി കണ്ണുവേലിക്കടവ് റോഡ്- മെയിന്റനൻസ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 74.43 എം$^3$ മണ്ണ് ഖനനം ചെയ്തിട്ടുള്ളതായും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം 29376/- രൂപ മണ്ണിന് വില രേഖപ്പെടുത്തിയതായും വ്യക്തമാക്കിയിട്ടുണ്ട്. മണ്ണ് ലേലം ചെയ്ത് മുതൽക്കൂട്ടിയതിന്റെ രേഖകൾ ലേല ഡയറി സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല (നം.6 തീയതി 26-07-2023). എന്നാൽ മണ്ണ് സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും ലേല നടപടികൾ സ്വീകരിക്കുന്നതാണെന്നും എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. ലേല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-21 ആലുംപാല - ഊരിക്കടവ് തോട് സംരക്ഷണം- 18% ജി.എസ്.ടി അധിക നിരക്ക് ഉൾപ്പെടുത്തിയില്ല

പ്രോജക്ട് നം.175/22

ആലുംപാല - ഊരിക്കടവ് തോട് സംരക്ഷണം

11-08-2022 ൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉയർന്ന ജി.എസ്.ടി നിരക്ക് ഈടാക്കുന്നതിൽ വ്യക്തത വരുത്തുന്നതിനായി നൽകിയ

സ്പഷ്ടീകരണത്തിൽ, 2022 ജൂലൈ 18 ന് മുൻപ് വർക്ക് പൂർത്തീകരിച്ച പ്രവൃത്തികളിൽ ഇൻവോയ്സ് തീയതിയും പെയ്മെന്റ് തീയതിയും 18-07-2022 ന് മുൻപായിരിക്കണമെന്നും പ്രസ്തുത തീയതിക്ക് മുൻപ് പൂർത്തീകരിച്ച വർക്കുകളുടെ ഇൻവോയ്സ് തീയതിയും പെയ്മെന്റ് തീയതിയും 18-07-2022 ന് ശേഷമാണ് വരുന്നതെങ്കിൽ 18% ജി.എസ്.ടി അധിക നിരക്ക് ബാധകമാണെന്നും അറിയിച്ചിട്ടുണ്ട്. ആലുംപാല - ഊരിക്കടവ് തോട് സംരക്ഷണം എന്ന പ്രവൃത്തി 09-05-2022 ൽ ചെക്ക് മെഷർ ചെയ്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് 08-06-2022 ൽ അപ്രൂവ് ചെയ്തിട്ടുണ്ട്. എന്നാൽ 12-10-22 ൽ ബിൽ മാറി നൽകിയ ഈ വർക്കിൽ (അതായത് 18.07.2022 ന് ശേഷം) 18% ജി.എസ്.ടി അധിക നിരക്ക് ബാധകമാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി 26-07-2023) ലഭ്യമാക്കിയ മറുപടിയിൽ, പ്രവൃത്തിയിലെ രണ്ടിനങ്ങൾ 18-07-2022 ന് മുൻപ് ചെക്ക് മെഷർ ചെയ്തതിനാലാണ് 12% ജി.എസ്.ടി ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളതെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഈ രണ്ടിനങ്ങൾക്കും പാർട്ട് ബിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. ജി.എസ്സ്.ടി വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 മാഞ്ഞാലിൽ റോഡ് പുനരുദ്ധാരണം -പിഴ ഈടാക്കിയില്ല

പ്രോജക്ട് നം. S0059/22
എം.സി.റോഡ്- മാഞ്ഞാലിൽ റോഡ് പുനരുദ്ധാരണം
മെയിന്റനൻസ് ഫണ്ട്(റോഡ്)
എം.ബുക്ക് നം.31/22
എഗ്രീഡ് പി.എ.സി 596000/-
ബിൽ നം. 2207025200760110905 തീയതി 30-01-2023

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ ഡ്യൂറേഷൻ ഓഫ് വർക്ക് 10 മാസ കാലയളവാണ്. സെലക്ഷൻ നോട്ടീസ്, എഗ്രിമെന്റ് എന്നിവ പ്രകാരം വർക്ക് ആരംഭിച്ചിരിക്കുന്നത് 22-01-2022 ലും, എം.ബുക്ക് പ്രകാരം വർക്ക് കംപ്ലീറ്റ് ചെയ്തിട്ടുള്ളത് 23-01-2023 ലും ആണ് (എം.ബുക്ക് പേജ് നം.11). എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ, വർക്ക് പൂർത്തീകരിക്കുന്നതിന് വന്ന കാലതാമസത്തിന് പിഴ ഈടാക്കിയില്ല. കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.11 തീയതി 27-07-2023) ലഭ്യമാക്കിയ മറുപടിയിൽ, കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി ഒടുക്ക് വരുത്താമെന്ന് അറിയിച്ചിട്ടുണ്ട്. ആകയാൽ പി.ഡബ്ല്യൂ.ഡി. മാന്വൽ അനുശാസിക്കും പ്രകാരം എഗ്രീഡ് പി.എ.സി. ആയ 596000/- രൂപയുടെ 1% വരുന്ന തുക 5960/-രൂപ കരാറുകാരനിൽ നിന്ന് പിഴ ഇനത്തിൽ ഈടാക്കേണ്ടതാണ്.

## 1-23 പിഴ ഈടാക്കുന്നത് തനതു ഫണ്ടിൽ ഒടുക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് ഈടാക്കിയ ഫൈൻ തനതു ഫണ്ടിൽ അടവാക്കിയിട്ടില്ല. സർക്കുലർ നം.59827/എഫ്.എം/07/ത.സ്വ.ഭ.വ തീയതി 30-10-2017 പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാം. പിഴ ഇനത്തിൽ ലഭിച്ച തുക തനതു ഫണ്ടിൽ ഒടുക്ക് വരുത്താത്ത വർക്കുകളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഈടാക്കിയ ഫൈൻ |
|---|---|
| പ്രോജക്ട് നം.40/2022-23 | 9954 |

| | |
|---|---|
| കൺസ്ട്രക്ഷൻ ഓഫ് ടോയ്‌ലെറ്റ്, റസ്റ്റ് റൂം | |
| പ്രോജക്ട് നം. 102/ പള്ളിമുകടി--ചാങ്ങപ്പാടം റോഡ് മെയിന്റനൻസ് | 4234 |
| പ്രോജക്ട് നം. 64, പറങ്കി മാവുനിൽക്കുന്നതിൽപ്പടി-ചരിവുകാലപ്പടി റോഡ് പുനരുദ്ധാരണം | 3764 |
| പ്രോജക്ട് നം. 152/21-22, അഞ്ചുമല-കളരിത്തറ റോഡ് പുനരുദ്ധാരണം | 1736 |
| പ്രോജക്ട് നം. 25/2022-23 ചീനിയൽപ്പടി-പത്തിശ്ശേരിൽ റോഡ് പുനരുദ്ധാരണം | 10412 |

കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിനുള്ള കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 തീയതി 31-07-2023) ലഭ്യമാക്കിയ മറുപടിയിൽ, ഇനി മുതൽ ബന്ധപ്പെട്ട സർക്കുലർ പ്രകാരം പിഴ ഇനത്തിൽ ലഭിക്കുന്ന തുക തനത് ഫണ്ടിൽ ഒടുക്ക് വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗവ. സർക്കുലറിലെ നിർദ്ദേശമനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ കാലതാമസത്തിന് ഈടാക്കുന്ന പിഴ തനതുഫണ്ടിൽ അടക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അരീക്കര പി.എച്ച്.സി. മെയിന്റനൻസ് -ടെക്നിക്കൽ കമ്മറ്റി അംഗങ്ങൾക്ക് തുക അധികം നൽകി

പ്രസ്തുത പദ്ധതിയിൽ, സ്ഥാപനത്തിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ടെക്നിക്കൽ കമ്മറ്റിയിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിയാണ് നിർവഹിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1)എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, ബിൽ തയ്യാറാക്കുക, മറ്റ് ചുമതലകൾ എന്നിവ നിർവഹിക്കുന്നതിന് ടെക്നിക്കൽ കമ്മറ്റി അംഗമായ എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
2)ജി.ഒ.എം.എസ്. 84&86/2022 എൽ.എസ്.ജി.ഡി തീയതി 19-04-2022 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കലിന് എസ്റ്റിമേറ്റ് തുകയുടെ 0.5% ഉം ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവഹണ രേഖകൾ തയ്യാറാക്കുക, ബിൽ തയ്യാറാക്കുക, എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയുടെ 1.5% ഉം ഇതിന് പുറമെ, ചെക്ക് മെഷർമെന്റ് നടത്തുന്നതിന് മറ്റൊരു അംഗത്തിനായി എസ്റ്റിമേറ്റ് തുകയുടെ 0.5% ഉം നൽകാവുന്നതാണ്. 2,00,000/-രൂപയുടെ എസ്റ്റിമേറ്റിന് ചെക്ക് മെഷർമെന്റ് ചെയ്തതിന് 1000/- രൂപയും എസ്റ്റിമേറ്റ് തയ്യാറാക്കൽ, മറ്റ് നിർവഹണ ചുമതലകൾ എന്നിവയ്ക്കായി 4000/- രൂപയുമാണ് ഇപ്രകാരം നൽകേണ്ടിയിരുന്നത്. എന്നാൽ യഥാക്രമം 1717/-രൂപയും 5150/-രൂപയും വീതം നൽകി കാണുന്നു.
3)25-03-2023 തീയതിയിൽ മാറിയ ബില്ലിൽ ബാധകമായ ജി.എസ്.ടി 18% ശതമാനമാണ്. 12% നിരക്ക് ഉൾപ്പെടുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്.
ഓഡിറ്റ് എൻക്വയറി മുഖേന (നം.14 തീയതി 29-07-2023) അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നതിന് ലഭിച്ച മറുപടിയിൽ കരാറിൽ ഏർപ്പെട്ടിരുന്നില്ലായെന്നും 19-04-2022 ന് മുൻപെ എസ്റ്റിമേറ്റ് എടുത്ത വർക്കായതിനാലാണ് തുക അധികം നൽകേണ്ടി വന്നിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ടെക്നിക്കൽ കമ്മറ്റി അംഗമായ എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം, വർക്ക് കൈമാറ്റം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതും ജി.എസ്.റ്റി വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 മരണശേഷവും പെൻഷണറുടെ അക്കൗണ്ട് സസ്പെന്റ് ചെയ്യപ്പെടുന്നില്ല

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2022-23 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണ നടത്തിയ തുക |
|---|---|---|---|---|---|---|---|
| 1 | കുഞ്ഞമ്മ കൊച്ചയ്യത്തിൽ അരീക്കര, മുളക്കുഴ | കർഷക തൊഴിലാളി പെൻഷൻ | 104640600421 | 07.03.2023 | 30.03.2023 | 4/2023 | 1600 |
| 2 | രോഹിണി പ്രസന്നാലയം അരീക്കര | കർഷകതാഴിലാളി പെൻഷൻ | 104640100854 | 12.102022 | 31.10.2022 | 11/2022<br>12/2022<br>1/2023<br>2/2023 | 6400 |

ധനകാര്യ(എസ്.എഫ്.ഡി) വകുപ്പിന്റെ 02.08.21ലെ സർക്കുലർ 63/2021 പ്രകാരം മരണപ്പെട്ടവരേയും നിശ്ചിത മാനദണ്ഡ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് കാണുന്നത്.

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക അനന്തരവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡി.ബി.റ്റി. സെല്ലിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-26 മഴക്കാല പൂർവ്വ ശുചീകരണം -ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.100000/-രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് 27.05.2022 തീയതിയിൽ മഴക്കാല പൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻഫണ്ടും, തനത് ഫണ്ടും ഉൾപ്പടെ 3,60,000/-രൂപ JF. 6082492 ചെക്ക് പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് 18 വാർഡുകളിലേയും പ്രവർത്തനങ്ങൾക്ക് കൈമാറി. ഓഡിറ്റ് എൻക്വയറി നമ്പർ 13/27.07.23 പ്രകാരം ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും 1,2,13,17,19 വാർഡുകളിലെ രോഗപ്രതിരോധപ്രവർത്തനങ്ങളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പ്രസ്തുത വാർഡുകൾക്ക് നൽകിയ ആകെ ചെലവ്

തുകയായ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-27 ലൈഫ് ഭവന പദ്ധതി - അവലോകനം

1) 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയിൽ ആനുകൂല്യം കിട്ടിയ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താ ക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2022-23 | 23 | 22 | 0 | 0 | 7 | 12 |

2) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2022-23 | 6000000 | 0 | 0 | 0 | 500000 | 6500000 |

3) ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

2022-23 വർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1. | സുനീഷ്, പുതുപ്പറമ്പിൽ കിഴക്കേതിൽ | 300000 |
| 2. | ഭവാനി, കരിക്കും കാല, ലക്ഷം വീട് | 300000 |
| 3 | രാഘവൻ, ആലുംമൂട്ടിൽ തെക്കേതിൽ | 300000 |
| 4 | രാജമ്മ, തെക്കേ കുറ്റിയിൽ | 200000 |
| 5 | തങ്കമ്മ.കെ.കെ, കഴക്കാട് തറയിൽ | 200000 |
| 6 | രാജമ്മ, രമ്യ ഭവനം | 40000 |
| 7 | മിനികുമാരി, വലിയ പറമ്പ് കോളനി | 40000 |
| 8 | രമ, വലിയ പറമ്പ് കോളനി | 40000 |
| 9 | അമ്മിണി, പൊക്കാരേത്തു കിഴക്കേതിൽ | 200000 |
| 10 | സുഗതമ്മ, ചെറുകുന്നിൽ വടക്കേ ചരുവിൽ | 40000 |
| 11 | തങ്കമണി, വാലുപറമ്പിൽ | 200000 |
| 12 | തങ്കമ്മ, മുള നിൽക്കുന്നതിൽ | 40000 |
| 13 | രാജമ്മ, കൊച്ചയ്യത്തിൽ | 40000 |
| 14 | ശ്രുതിമോൻ, പുത്തൻ പറമ്പിൽ | 40000 |
| 15 | പ്രഭ, ചെമ്പൻ ചിറ പുതുവേൽ | 40000 |
| 16 | വിജയമ്മ, ചെമ്പൻ ചിറ പുതുവേൽ | 40000 |
| 17 | ചെല്ലമ്മ, ചുടലമോടിയിൽ | 40000 |
| 18 | ശാരദ, മാമ്പഴ ചെറുകോട്ട | 40000 |
| 19 | സരസമ്മ, ചരിവുപറമ്പിൽ | 40000 |
| 20 | സുദർശൻ, തടത്തിൽ പുത്തൻ പറമ്പിൽ | 40000 |

| | | |
|---|---|---|
| 21 | കമലാസനൻ, കുരുട്ടുമോടിയിൽ | 40000 |
| 22 | കോമള, കൊച്ചുമോടിയിൽ | 40000 |
| 23 | സാം മാത്യു, പാറയിൽ വിശ്വാസ് ഭവൻ | 40000 |
| 24 | അശോകൻ പിള്ള, വല്യന്നൂർ | 40000 |
| 25 | ഉണ്ണികൃഷ്ണൻ, തിനംകാല | 40000 |

ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാത്ത 242 ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ നിലവിൽ അവശേഷിക്കുന്നു. അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ലൈഫ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000 | നെൽകൃഷി വികസനം | 114900 | 135100 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | പാലിന് ഇൻസെന്റീവ് | 163908 | 36092 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | - |
| | | | | 478808 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 250000 | നെൽകൃഷി വികസനം | 250000 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | പാലിന് സബ്സിഡി | 58000 | 142000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | അനുപൂരക പോഷകാഹാരം | 200000 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1600000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 450000 | 1150000 |
| | | | | 1058000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | | | |
| ലൈഫ് ഭവനനിർമ്മാണ പദ്ധതി | | - | 2489764 | 743862 | - | 1745902 |

## 4-5 സ്ഥിര നിക്ഷേപം

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1526465 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 43142 |
| ആകെ | 1569607 |
| പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1569607 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻഡ്യൻ ഓവർസീസ് ബാങ്ക് | തുക | Rt.No. |
|---|---|---|

| | | |
|---|---|---|
| | 1569607 | 0302982 |

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 56583976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45096057 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 276921 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 18774 | ശ്രീ.നവാസ്.ബി സെക്രട്ടറി |
| 1-18 | 47427 | ശ്രീ.സജികുമാർ.കെ.എസ് സെക്രട്ടറി |
| 1-18 | 55410 | ശ്രീ.ജി.ജ്യോതിഷ് കുമാർ സെക്രട്ടറി |
| 1-18 | 55310 | ശ്രീമതി ലിസ.കെ.എസ് സെക്രട്ടറി |
| 1-26 | 100000 | ഡോ.ദിവ്യ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 276921 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീസജികുമാർ.കെ.എസ് സെക്രട്ടറി | സെക്രട്ടറി വള്ളികുന്നം ഗ്രാമപഞ്ചായത്ത്, | കാട്ടിൽവടക്കേതിൽ, എരിക്കാവ്.പി.ഓ, കാർത്തികപള്ളി |
| ശ്രീമതി ലിസ.കെ.എസ് സെക്രട്ടറി (ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി മുളക്കുഴ ഗ്രാമപഞ്ചായത്ത് | മുണ്ടകക്കണ്ടം, പാന്നൂർ, പല്ലന.പി.ഒ, ആലപ്പുഴ. |
| ശ്രീ.ജി.ജ്യോതിഷ് കുമാർ സെക്രട്ടറി | പേരയം ഗ്രാമപഞ്ചായത്ത്, കൊല്ലം | പാർവ്വതി നിവാസ്, അക്ഷര നഗർ, തിരുമുല്ലവാരം.പി.ഓ |
| ശ്രീ.നവാസ്.ബി സെക്രട്ടറി | നീലംപേരൂർ ഗ്രാമപഞ്ചായത്ത് | നെടിയത്ത്, ചേരാവള്ളി, കായംകുളം |
| ഡോ.ദിവ്യ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പി.എച്ച്.സി മുളക്കുഴ, അരീക്കര.പി.ഒ, | സ്വപ്ന ഭവൻ, സ്റ്റേഡിയം വാർഡ്, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | കെ.എസ്.എ-എ.എൽ.പി-പി.5-1583/2022/16.05.23 |
| 1998-99 | |
| 2000-01 | |
| 2003-04 | |
| 2004-05 | |
| 2006-07 | |

| | |
|---|---|
| 2007-08 | |
| 2008-09 | |
| 2009-10&2010-11 | |
| 2011-12, 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി –പി-5-264/2022/27.03.2022 |
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി –P-5/577/2022/03.07.2022 |
| 2021-22 | നം.കെ.എസ്.എ-എ.എൽ.പി – P-5/157/2023/23.02.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(2) dated 27-06-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mulakkuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mulakkuzha Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Mulakkuzha Grama Panchayat for the Year 2022-2023.

**1.Major Observations**

1)Ratios,the mandatory financial statement prescribed in accounting rule [62(2)(F)] not submitted for audit.

2)Net increase/decrease in cashflow (5863850/-) does not match with the difference between the opening balance and closing balance of cash and cash equivalents (26412571/-)

3) Further action not taken for the amount Directly debited by bank as per the Bank Recocilation statement of SBI E-payment.

4) The collection amount of property tax as shown in demand register not in confirmity with the amount shown in annual financial statement.

| Item | Amount as per AFS | Amount as per Demand register |
|---|---|---|
| Residential Building (Arrears) | 527980 | 562222 |
| Residential Building (Current) | 3174698 | 3359596 |
| Non Residential Building (Arrears) | 391058 | 383522 |
| Non Residential Building (Current) | 1975892 | 1995236 |

4. The rent demand of Janatha Vyavasya Sahakarana Sangham in AFS not in match with the original demand .

**2.Other Observations**

1. Receipt of rent arrear amount taken in wrong head .

2.B-18 - Avance To Implementing Agencies ( 460500202) head shows a less amount than the original balance .

3.There is a receipt of 13108/- rupees as per Shedule RP-33 Deposits Received head 340109901 and 8420/- rupees as per head 340200199 . It is shown as Directly credit to Bank in ledger report but item wise description is not given .

4 .Considerable amount is shown as balance in beneficiary contribution.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്